# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ</u>

4735 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, എ.റ്റി. ജോർജ്
,, വി.പി. സജീന്ദ്രൻ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങളാണ് ഇതിന് ലഭിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മണ്ണിനങ്ങളെ സംബന്ധിച്ചുള്ള പഠനം</u>

4736 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണിനങ്ങളെ സംബന്ധിച്ചുള്ള വിശദമായ പഠനങ്ങൾ നടന്നുവരുന്നുണ്ടോ;

(ബി) പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ എത്ര മണ്ണിനങ്ങളാണ് സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുള്ളത്; അവ ഏതെല്ലാം;

(സി) മണ്ണിനെ വർഗ്ഗീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൈവിധ്യമാർന്ന മണ്ണിനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാർഷിക വികസന നയം</u>

4737 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷികവികസനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നയം സംബന്ധിച്ച ശുപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അഗ്രികാർഡ് വിതരണം</u>

4738 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതല അഗ്രികാർഡ് വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കർഷകർക്കാണ് കാർഡ് വിതരണം ചെയ്യുന്നത്;വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും വായ്പകളുമാണ് കാർഡുള്ളവർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ;

(ഡി) കാർഡ് വിതരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക ഗവേഷണ സ്ഥാപനങ്ങള്‍</u>

4739 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, ബി.ഡി. ദേവസ്സി
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ സര്‍ക്കാരിന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കാര്‍ഷിക മേഖലയുടെ ഉന്നമനത്തിനുതകുന്ന തരത്തില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഈ സ്ഥാപനങ്ങള്‍ ഇക്കഴിഞ്ഞ മൂന്നു വര്‍ഷത്തിനിടയില്‍ നടത്തിയിട്ടുള്ളത്;

(സി) ഈ സ്ഥാപനങ്ങള്‍ക്ക് ഫണ്ട് ലഭ്യമാക്കുന്നതില്‍ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കില്‍ ആകെ അനുവദിച്ച ഫണ്ടില്‍ എത്ര ശതമാനം ചെലവാക്കി എന്നറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കാർഷിക മേഖലയെ മനസ്സിലാക്കാൻ സംവിധാനങ്ങൾ</u>

4740 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാധാരണക്കാരായ കർഷകർക്ക് അനുയോജ്യമായ വിളകൾ, പുതിയ കാർഷിക വിളകൾ, ഉല്പന്നങ്ങൾ, അവയുടെ വിപണനം, കൂടാതെ കാർഷിക മേഖലയിലെ സംശയങ്ങൾ ദുരീകരിക്കുക, പുതിയ കൃഷിരീതികൾ പഠിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുക എന്നിവയ്ക്ക് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>''സേഫ് ടു ഈറ്റ്'' പദ്ധതി</u>

4741 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനുകീഴിൽ 'സേഫ് ടു ഈറ്റ്' എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതി എന്നാണ് ആരംഭം കുറിച്ചത്; എത്ര രൂപ ചെലവഴിച്ചു; എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി; പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കർഷകരെ സഹായിക്കുന്നതിനുള്ള പാക്കേജ്</u>

4742 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ആനുകൂല്യം എത്രകർഷകർക്ക് ലഭിച്ചു എന്നത് ജില്ല തിരിച്ചും, പാക്കേജ് തിരിച്ചും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>മാതൃകാഹരിത ഗ്രാമം പദ്ധതി</u>

4743 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ പ്രഖ്യാപിച്ച മാതൃകാഹരിത ഗ്രാമം പദ്ധതി (Model Hitech Green Village Project) നടപ്പിലാക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുളളത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ പ്രവർത്തനം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഇതു വരെയും ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ</u>

4744 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനത്തിനായി കഴിഞ്ഞകാല ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; ഇത് ചെലവഴിച്ചതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) കാസർകോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ ജൈവ താലൂക്കുകൾ വികസിപ്പിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ജൈവകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ</u>

4745 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ജൈവകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് എത്ര തുക ചെലവിട്ടു എന്നുള്ള വിവരം വാർഷിക ക്രമത്തിൽ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) മികച്ച ജൈവകൃഷിക്കാരൻ എന്ന പേരിൽ പ്രസ്തുത മേഖലയിൽ പ്രത്യേക ബഹുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ജൈവവൈവിധ്യ സംരക്ഷണം</u>

4746 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി വകുപ്പ് കൂടുതല്‍ ശ്രദ്ധ ചെലുത്തുമോ എന്ന് വിശദമാക്കാമോ; എങ്കില്‍ ഇപ്പോള്‍ സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ജൈവ താലൂക്കുകൾ</u>

4747 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം താലൂക്കുകളെയാണ് ജൈവ താലൂക്കുകളായി വികസിപ്പിച്ചിട്ടുള്ളത് ;

(ബി) ജൈവ താലൂക്കുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നു ;

(സി) ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

ആഗോളതാപനം കാർഷിക മേഖലയിൽ

4748 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം സംസ്ഥാനത്തെ കാർഷികമേഖലയിൽ ഉളവാക്കുവാൻ സാധ്യതയുള്ള ആഘാതത്തെക്കുറിച്ച് കൃഷിവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഭൂവുടമകൾ നെൽകൃഷി തരിശ്ശിടുന്നത്

4749 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാരാളം ഭൂവുടമകൾ നെൽവയലുകൾ തരിശിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തരിശു ഭൂമിയുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗപ്പെടുത്തി തരിശു ഭൂമിയിൽ പാട്ടകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത ഓരോ വർഷവും കൃഷിഭൂമിയുടെ അളവ് അപകടകരമാംവിധം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൃഷിഭൂമിയുടെ അളവ് സംബന്ധിച്ച് 2006 മുതൽ 2014 വരെയുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നെൽവയലുകളുടെ ശോഷണം</u>

4750 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ്കുമാർ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയലുകൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥയെ എപ്രകാരം മറികടക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകരെ സഹായിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം</u>

4751 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ നെൽവയലുകൾ സംബന്ധിച്ച ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഈ വർഷം ഇത് പ്രസിദ്ധീകരിക്കുമോ;

(ബി) തയ്യാറാക്കിയ ഡേറ്റാബാങ്കിന്റെ വിശദാംശങ്ങൾ കൃഷി ഭവനുകൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) 2013-14 കാലയളവിൽ നികത്തിയ വയലുകൾ എത്രയാണ്;

(ഡി) പ്രസ്തുത നെൽവയലുകൾ നികത്തുന്നതിന്റെ കാരണം ലഭ്യമായിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

നെൽകൃഷിക്കാരോട് അവഗണന

4752 ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെൽകൃഷി കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയിലും തൊഴിൽ പ്രശ്നങ്ങളും, പ്രകൃതി ക്ഷോഭങ്ങളും കീടങ്ങളും മൂലമുളള നഷ്ടങ്ങൾ സഹിച്ചും കൃഷി ചെയ്യാൻ തയ്യാറാവുന്ന കൃഷിക്കാരോടുള്ളതായിപ്പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നെല്ലിന്റെ ഉൽപാദനക്ഷമത</u>

4753 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തരിശായികിടക്കുന്ന നെൽപ്പാടങ്ങളുടെ വികസനം</u>

4754 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന നെൽപ്പാടങ്ങളുടെ വിസ്തൃതി എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ കൃഷിയിറക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് നെൽകൃഷിയിറക്കാൻ കഴിഞ്ഞിട്ടുള്ളത് ഏതൊക്കെ സ്ഥലങ്ങളിൽ; എത്ര ഏക്കർ സ്ഥലത്ത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>നഗരപ്രദേശങ്ങളിലെ 'മട്ടുപ്പാവ് കൃഷി'</u>

4755 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ 'മട്ടുപ്പാവ് കൃഷി' അല്ലെങ്കിൽ 'ടെറസ്സിലെ കൃഷി' പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നല്ലയിനം വിത്തും, തൈകളും മറ്റ് സാമഗ്രികളും നൽകുന്നതിനു പുറമെ അതത് മേഖലകളിലെ കൃഷി ഉദ്യോഗസ്ഥരുടെ പീരിയോഡിക്കലായ സേവനവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കൃഷി നടത്തിപ്പിനായുള്ള കൃഷി വകുപ്പിന്റെ ഇടപെടൽ സമൂഹത്തിൽ വലിയ മാറ്റം വരുത്തുമെന്നതിനാൽ അതിന്മേൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പിന് സംഭരണശാലകൾ</u>

4756 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് എവിടെയെല്ലാമാണ് സംഭരണശാലകൾ ഉള്ളത്;

(ബി) സംഭരണശാലകളിലേക്ക് പച്ചക്കറികൾ സംഭരിക്കുന്നത് എവിടെ നിന്നെല്ലാമാണ്;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ഓരോ സംഭരണശാലയുടെയും ലാഭ നഷ്ട കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടികോർപ്പിനു വേണ്ടി വാങ്ങിയ വാഹനങ്ങളുടെ വിലസഹിതമുള്ള വിശദവിവരങ്ങളും അവ എവിടെയെല്ലാമാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ</u>

4757 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>വഴിയോരകൃഷി പദ്ധതി</u>

4758 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച വഴിയോര കൃഷി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് കൃഷി നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>കൊണ്ടോട്ടി മണ്ഡലത്തിൽ 'നിറവ്' പദ്ധതി</u>

4759 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 'നിറവ്' പദ്ധതി അംഗീകരിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ഏതെല്ലാം പദ്ധതികൾക്ക് നിർദ്ദേശം ലഭിച്ചു; ഇതിൽ ഏതെല്ലാം പദ്ധതികൾ പരിഗണിച്ചു; വിശദമാക്കുമോ;

(സി) ഇതിൽ എത്ര രൂപയുടെ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതി

4760 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ മൂന്ന് വീതം ആകെ മൂവായിരം ഗ്രീൻഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുവരെ പൂർത്തിയായ ഗ്രീൻ ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(സി) വിതരണം ചെയ്ത സബ്സിഡി തുക എത്രയാണ്;

(ഡി) പ്രഖ്യാപിച്ച രീതിയിൽ പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഗ്രീൻ ഹൗസിനായി ലഭിച്ച അപേക്ഷകൾ എത്രയാണ് ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പഴങ്ങളുടെ ഗുണനിലവാര പരിശോധന

4761 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും പത്ത് കൃഷിത്തോട്ടം എന്ന കണക്കിൽ പതിനായിരം കൃഷിത്തോട്ടം എന്ന പ്രഖ്യാപനം നടപ്പിലാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) രാസവസ്തുക്കൾ ഉപയോഗിച്ച് പഴവർഗ്ഗങ്ങൾ പഴുപ്പിച്ച് വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പഴങ്ങളുടെ ഗുണനിലവാരം, രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള സൗകര്യങ്ങൾ ജില്ലാതലത്തിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികള്‍</u>

4762 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിവുകപ്പ് മുഖേന പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തില്‍ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നല്‍കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം പ്രസ്തുത വിഭാഗങ്ങള്‍ക്കായി കോങ്ങാട് മണ്ഡലത്തില്‍ കൃഷിവുകപ്പ് മുഖേന എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നല്‍കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>അക്ഷയപാത്രം പദ്ധതി</u>

4763 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 'അക്ഷയപാത്രം' എന്ന പേരിൽ കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന ഏജൻസി ഏതാണ്; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് ; പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ പദ്ധതികൾ</u>

4764 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതൊക്കെയാണെന്നും ഏതൊക്കെ ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

30.8.2013 ലെ റീജിയണൽ ക്രൈസിസ് മാനേജ്മെന്റ് യോഗതീരുമാനപ്രകാരമുള്ള നടപടികൾ - കുട്ടനാട്

4765 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30.8.2013-ലെ റീജിയണൽ ക്രൈസിസ് മാനേജ്മെന്റ് മീറ്റിംഗ് പ്രകാരം കുട്ടനാട്ടിലെ 42 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് 204.448 ലക്ഷം രൂപ അനുവദിച്ചതിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) തുക അനുവദിക്കാത്ത പാടശേഖരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ടി പാടശേഖരങ്ങൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

നെൽകൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

4766 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ വികസന ഏജൻസിയുടെ കീഴിൽ വരുന്ന കുന്നംകുളം നഗരസഭ, പോർക്കുളം ഗ്രാമപഞ്ചായത്ത്, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ കോൾ നിലങ്ങളിൽ കനത്ത വേനൽമഴയിൽ നെല്ല് നശിച്ചതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വേനൽ മഴയിൽ എത്ര കർഷകരുടെ നെല്ലാണ് നശിച്ചിട്ടുള്ളത്; ഇത് എത്ര ക്വിന്റൽ വരും എന്ന് വ്യക്തമാക്കാമോ;

(സി) നെൽകൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

4767 ശ്രീ. ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കുട്ടനാടിന്റെ കാർഷികാഭിവൃദ്ധിക്ക് കുട്ടനാട് പാക്കേജിന്റെ നടത്തിപ്പ് സഹായിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പാക്കേജിന്റെ നടത്തിപ്പ് മൂലം കുട്ടനാടിന്റെ കാർഷിക മേഖലയിൽ എന്തെല്ലാം ഗുണപരമായ മുന്നേറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്ന പദ്ധതി</u>

4768 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിലെ കുളം നവീകരണ പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ;

(ബി) ആലപ്പുഴ നഗരസഭയിലെ കുളങ്ങൾ, കുളങ്ങൾ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെട്ട ആലപ്പുഴ നഗരസഭയിലെ കുളങ്ങൾ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പു നടപ്പിലാക്കുന്ന പദ്ധതികൾ</u>

4769 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 2012-13, 2013 -14 സാമ്പത്തിക വർഷം പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തെല്ലാം; പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) നിലവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം നൽകുമോ;

(സി) പുതിയതായി ഏതെങ്കിലും പദ്ധതികൾ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

കരപ്പുറം നെൽകൃഷി വികസന ഏജൻസി- ചേർത്തല

4770 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ കരപ്പുറം നെൽപാടങ്ങൾ കേന്ദ്രീകരിച്ച് ഒരു കരപ്പുറം നെൽകൃഷി വികസന ഏജൻസി രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കരപ്പുറം നെൽകൃഷി വികസന ഏജൻസിക്ക് രൂപം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) നെൽകൃഷി കഴിഞ്ഞുള്ള സമയങ്ങളിൽ പാടശേഖരങ്ങളിൽ ഉദ്പാദിപ്പിക്കുന്ന പച്ചക്കറി ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ഒരു പച്ചക്കറി സംഭരണ ഏജൻസിക്ക് കരപ്പുറം കേന്ദ്രമായി രൂപം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാർഷിക ആവശ്യത്തിനായി നിർമ്മിച്ച കുളങ്ങൾ -കാസർഗോഡ് ജില്ല</u>

4771 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി കാസർകോട് ജില്ലയിൽ നിർമ്മിച്ച കുളങ്ങൾ എത്രയാണെന്നും നിലവിൽ ഉപയോഗശൂന്യമായ എത്ര കുളങ്ങളുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കൃഷി ആവശ്യത്തിനായി നിർമ്മിച്ച കുളങ്ങൾ കയ്യേറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തികസഹായം</u>

4772 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 26.04.2013-ന് ഹോസ്ദുർഗ് താലൂക്കിലും കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികളിലും വീശിയടിച്ച കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ;

(ബി) 28.04.2013-ന് ദുരന്തബാധിത പ്രദേശങ്ങൾ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിനായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പാക്കേജിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പാക്കേജ് ഇപ്പോൾ ആരുടെ പരിഗണനയിലാണുള്ളത്; ഇതിന് അനുമതി ലഭിക്കാൻ സാധ്യതയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കടാശ്വാസ കമ്മീഷൻ അവാർഡ് തുക</u>

T4773 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന തുക സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോറട്ടോറിയം വീണ്ടും പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സമയത്തേക്കാണ് നീട്ടിയതെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ഫണ്ട് അനുവദിച്ച് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കൂടി ഈ ആനുകൂല്യം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

നബാർഡ് വഴി കാർഷിക വായ്പ

4774 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡ് ഓഫീസുകൾ വഴി 2011-2012, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക കാർഷിക വായ്പ നൽകിയിട്ടുണ്ടെന്ന് അറിയാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ചെറുകിട നാമമാത്ര കർഷകരുടെ പെൻഷൻ പദ്ധതി

4775 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) ആരെയെല്ലാമാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽ വിള നശിച്ചുപോയവർക്ക്
സാമ്പത്തിക സഹായം നൽകൽ</u>

4776 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ വിള നശിച്ചു പോയ കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ മലയോര മേഖലകളിലെ വിളനാശം മൂലം കർഷകർ കടക്കെണിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷക കടാശ്വാസ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഇത്തരം പ്രശ്നങ്ങൾക്ക് എന്തെങ്കിലും സമാശ്വാസ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കിഴക്കഞ്ചേരി മേഖലയിലുണ്ടായ വേനൽ മഴയിലുണ്ടായ കൃഷിനാശം</u>

4777 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി മേഖലയിൽ കഴിഞ്ഞ മാസം ഉണ്ടായ വേനൽ മഴയിൽ വ്യാപകമായ കൃഷിനാശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര രൂപയുടെ കൃഷിനാശമാണ് കണക്കാക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ;

(സി) കർഷകർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വിളകളുടെ നാശത്തിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം

4778 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിളകളുടെ നാശത്തിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിബന്ധനകൾ മൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കര്‍ഷക ആത്മഹത്യ</u>

4779 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വായ്പ തിരിച്ചടയ്ക്കാന്‍ കഴിയാതെ വന്ന എത്ര കര്‍ഷകര്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ആത്മഹത്യ ചെയ്തു; ജില്ലാടിസ്ഥാനത്തില്‍ കണക്ക് ലഭ്യമാക്കാമോ;

(ബി) കാര്‍ഷിക വിളകള്‍ക്ക് കാലാവസ്ഥവ്യതിയാനംകൊണ്ടുണ്ടാകുന്ന നഷ്ടം മൂലം യഥാസമയം വായ്പ തിരിച്ചടയ്ക്കാന്‍ കഴിയാതെ ജപ്തി ഭീഷണി നേരിടുന്ന കര്‍ഷകരെ സഹായിക്കുന്നതിനായി നിലവില്‍ എന്തെല്ലാം സൗകര്യങ്ങള്‍ ഒരുക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഏത് തീയതി വരെയുള്ള കാര്‍ഷിക വായ്പകളാണ് എഴുതിത്തള്ളുന്നത്; അതിന്റെ വിശദാംശവും നടപടിക്രമവും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഫാം അഡൈ്വസറി മെസേജിംഗ്

4780 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫാം അഡൈ്വസറി മെസേജിംഗ്, കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി, ചെറുകിട കർഷകർക്ക് പെൻഷൻ, കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി, കാർഷിക ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കൃഷിഭവനുകളുടെ പ്രവര്‍ത്തനങ്ങള്‍</u>

4781 ശ്രീ. ലൂഡി ലൂയിസ്
,, കെ. അച്ചുതന്‍
,, ബെന്നി ബെഹനാന്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി ഭവനുകളുടെ പ്രവര്‍ത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ;

(ബി) കൃഷി വിവരങ്ങളും അടിസ്ഥാന വിവരങ്ങളും കൃഷി ഭവന്‍ വഴി ശേഖരിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശംങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിലെ കൃഷിവകുപ്പിന്റെ ഓഫീസുകൾ</u>

4782 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ എത്ര ഓഫീസുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(സി) കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഇടുക്കി മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ</u>

4783 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിലെ ഏതാനും കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർമാരെ നിയമിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷി ഓഫീസുകളിലാണ് കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത്; എത്ര നാളായി ഒഴിഞ്ഞുകിടക്കുന്നു;

(സി) കൃഷി ഓഫീസർമാരുടെ ഒഴിവ് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>സീനിയർ ക്ലാർക്ക് തസ്തിക - സീനിയോറിറ്റി/പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച ട്രിബ്യൂണൽ വിധി</u>

4784 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സീനിയോറിറ്റി / പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) വിധി നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം അറിയിക്കുമോ;

(ഇ) കൃഷിഡയറക്ടർ വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയതിന് സ്പഷ്ടീകരണം നൽകിയിട്ടുണ്ടോ;ആയത് സംബന്ധിച്ച് വിശദീകരണം നൽകുമോ;

(ജി) പ്രസ്തുത വിധി എന്ന് നടപ്പിൽ വരുത്തുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പീലിക്കോട് പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിലെ തൊഴിലാളി നിയമനം

4785 ശ്രീ. കെ കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് പ്രാദേശിക കൃഷി ഗവേഷണകേന്ദ്രത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിലിരിക്കെ താല്കാലികമായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് സ്കീം</u>

4786 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കിയ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് സ്കീമിൽ ഉൾപ്പെടുത്തി എത്ര കർഷകർക്ക് ധനസഹായം നൽകി എന്നതിന്റെ ബ്ലോക്ക്തല വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കീമിലൂടെ എന്ത് തുക വിതരണം ചെയ്തു എന്നതിന്റെ ബ്ലോക്ക്തല വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി ജില്ലയിലെ ഇഞ്ചി കർഷകർക്ക് എത്ര മാത്രം പ്രയോജനം ചെയ്തുവെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പെരിയ പ്ലാന്റേഷന്‍ -കുണിയ ഡിവിഷനിലെ സ്ഥലം സര്‍ക്കാര്‍ കോളേജിന് നല്കുന്നതിന് നടപടി</u>

4787 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പെരിയ പ്ലാന്റേഷന്‍ -കുണിയ ഡിവിഷനില്‍ ആര്‍.എസ്. നം. 196-ല്‍പ്പെട്ട 10 ഏക്കര്‍ സ്ഥലം ഉദുമ നിയോജകമണ്ഡലത്തില്‍ അനുവദിക്കുന്ന ഗവണ്‍മെന്റ് ആര്‍ട്സ് & സയന്‍സ് കോളേജിനായി വിട്ടു നല്‍കണമെന്ന സ്ഥലം എം.എല്‍.എ. നല്‍കിയ 25/14/വി.ഐ.പി./അഗ്രി. (എ) എം.ഡി., പി.സി.കെ. 10/01/2014 നമ്പരായി ഹര്‍ജിയില്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ;

(ബി) കൃഷിയ്ക്ക് അനുയോജ്യമല്ലാത്ത പ്രസ്തുത സ്ഥലം സര്‍ക്കാര്‍ കോളേജിനായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

എറണാകുളം ജില്ലയിലെ കൃഷിവകുപ്പിന്റെ ഓഫീസുകളിലെ ഒഴിവുകൾ

4788 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൃഷിവകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായിട്ടുണ്ടോ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>കുന്നത്തൂർ ഏലാ വികസനം</u>

4789 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ കുന്നത്തൂർ ഏലാ വികസന ആവശ്യത്തിലേക്കായി റിപ്പോർട്ട് ആവശ്യപ്പെട്ട് കൃഷി വകുപ്പ് ഡയറക്ടർക്ക് 21.12.2013 ന് No: 39013/PA1 നമ്പരായി സർക്കാർ കത്ത് നൽകിയിരുന്നുവോ;

(ബി) പ്രസ്തുത കത്തിന്മേൽ കൃഷി വകുപ്പ് ഡയറക്ടർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വകുപ്പു മന്ത്രിയുടെ നിർദ്ദേശാനുസരണം ആവശ്യപ്പെട്ട ഡി. പി. ആർ. എന്നാണ് സർക്കാരിന് സമർപ്പിച്ചത്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുറുപ്പന്തറ പൊതുലേലകേന്ദ്രം നേരിടുന്ന പ്രശ്നങ്ങൾ</u>

4790 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.02.2014-ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുപ്പന്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന പൊതുലേലകേന്ദ്രം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ നടപ്പിലാക്കി; തീരുമാനങ്ങൾ നടപ്പാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചർച്ച ചെയ്തെടുത്ത തീരുമാനം എത്രയും വേഗം നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിൽ മണ്ണുസംരക്ഷണ വകുപ്പു മുഖേനയുള്ള പദ്ധതികൾ</u>

4791 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതും തുടരുന്നതുമായ എത്ര പദ്ധതികളുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കെട്ടുകൾ</u>

4792 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കെട്ടുകളുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചത് പൊക്കാളി കൃഷിക്ക് തിരിച്ചടിയാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ‘കുഫോസ്’ എന്ന സംഘടനയുടെ വൈസ് ചെയർമാന്റെ നേതൃത്വത്തിലുള്ള വിദഗ്ദസമിതി കരിനിലങ്ങളുടെ ചെമ്മീൻ കെട്ടുകൾ കാർഷിക കലണ്ടർ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ അവസാനത്തോടെ ഒഴിഞ്ഞു കൊടുക്കണമെന്ന് ശുപാർശ ചെയ്തിട്ടും പ്രസ്തുത ശുപാർശക്ക് കടക വിരുദ്ധമായി നടപടികൾ സ്വീകരിക്കാൻ കാണമെന്തെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിലെ തരിശ് ഭൂമി</u>

4793 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ഓറഞ്ച് അന്റ് വെജിറ്റബിൾ ഫാമിൽ എത്ര ഏക്കർ തരിശ് ഭൂമിയാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഫാമിന്റെ അധീനതിയിലുള്ള തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ; ഇതിനായി അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) നിലവിലുള്ള തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനം

4794 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനപ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 വർഷത്തിൽ എത്ര കോടി രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും, പൂർത്തീകരിച്ച പദ്ധതി ഏതൊക്കെയെന്നും വിശദമാക്കുമോ;

(സി) ഇനി എത്ര പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ചക്കയുടെ ഉൽപ്പാദനം</u>

4795 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര കോടി രൂപയുടെ ചക്ക ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്;

(ബി) ഉൽപ്പാദിപ്പിക്കപ്പെടുന്ന ചക്കയുടെ അമ്പതു ശതമാനവും സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നം ആക്കി മാറ്റുന്നതിനുള്ള സൗകര്യത്തിന്റെ കുറവ് നിമിത്തം നശിച്ചുകൊണ്ടിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സീസൺ വിളയായ ചക്ക സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നാളികേര കൃഷിയുടെ പുനരുദ്ധാരണം</u>

4796 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി വർദ്ധിപ്പിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ചു പിടിപ്പിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നാളികേര ഉത്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനും നാളികേര കൃഷി ആദായകരമായി മാറ്റുന്നതിനുമുള്ള പദ്ധതികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേര ബയോപാർക്കുകൾ</u>

4797 ശ്രീ. വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേര ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേര ബയോപാർക്കുകൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നസംരംഭങ്ങൾക്കും, സംരംഭകർക്കും സാങ്കേതിക സഹായവും താമസസൗകര്യവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ബയോപാർക്കുകളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

നാളികേര വികസന കോർപ്പറേഷന്റെ പുന:സ്ഥാപനം

4798 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷൻ പുന:സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാളികേര വികസന കോർപ്പറേഷൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ;

(സി) ഇന്നത്തെ സാഹചര്യത്തിൽ കോർപ്പറേഷൻ പുന:സ്ഥാപിക്കുന്നതിന്റെ പ്രസക്തി എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) നാളികേരത്തിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>നീര ഉത്പാദിപ്പിക്കുന്നതിന് പദ്ധതി</u>

4799 ശ്രീ. സി.കെ. നാണു
ശ്രീമതി ജമീല പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തെങ്ങുകൃഷിയിൽ ശാസ്ത്രീയമായ പരിഷ്ക്കാരം</u>

4800 ശ്രീ. പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തെങ്ങുകൃഷി മാറിയ സാഹചര്യത്തിൽ ശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ:

(ബി) തെങ്ങു കയറ്റക്കാരുടെ കുറവ്, കൃഷി സ്ഥലങ്ങളുടെ ലഭ്യതയിലെ കുറവ്, നീരയുടെയും ഇളനീരിന്റെയും ആവശ്യകതയിലെ വർദ്ധനവ് മുതലായവ കണക്കിലെടുത്ത് കൃഷി രീതിയിലും തെങ്ങിനങ്ങളുടെ തെരഞ്ഞെടുപ്പിലും ആവശ്യമായ മാറ്റം വരുത്തി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ തെങ്ങുകൃഷിക്ക് ഉപയുക്തമാക്കിയിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തെങ്ങ്കൃഷിയുടെ പുനരുദ്ധാരണം</u>

4801 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങ്കൃഷിയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ മുൻകയ്യെടുക്കുമോ എന്ന് വിശദമാക്കാമോ;

(ബി) ഇതിന്മേൽ നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

നാളികേര വികസന ബോർഡിന്റെ പ്രവർത്തനം

4802 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ/പ്രോത്സാഹനങ്ങളാണ് നാളികേര വികസന ബോർഡ് നൽകുന്നത്; വിശദമാക്കുമോ;

(ബി) നാളികേര വികസന ബോർഡ് 2013-14 വർഷത്തിൽ നാളികേര വികസനത്തിനും പ്രോത്സാഹനത്തിനുമായി എത്ര തുക വിനിയോഗിച്ചെന്ന് ഓരോ വിഭാഗത്തിന്റെയും കണക്ക് വെളിപ്പെടുത്തുമോ;

(സി) നാളികേര വികസന ബോർഡ് നാളികേര കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വളങ്ങളാണ് വിതരണം നടത്തുന്നത്; 2012-13, 2013-14 വർഷങ്ങളിൽ നാളികേര വികസന ബോർഡ് വിതരണം ചെയ്ത വളത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുരുമുളക് കൃഷി പുനരുദ്ധരിയ്ക്കൽ</u>

4803 ശ്രീ. സി. എ. ഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുരുമുളക് കൃഷി നശിച്ചുപോകാൻ ഇടയാക്കിയ സാഹചര്യങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) കുരുമുളക് കൃഷി പുനരുദ്ധരിക്കാൻ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ജാതിയ്ക്കയുടെ വിലയിടിവ്

4804 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാതിയ്ക്കയുടെ വിലയിടിവ് നിമിത്തം ജാതി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പേരാമ്പ്ര മേഖലയിലെ നേന്ത്രവാഴയ്ക്കു
പ്രത്യേകതരം രോഗം

4805 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മേഖലയിൽ നേന്ത്ര വാഴയ്ക്ക് പ്രത്യേകതരം രോഗം ബാധിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വിള ഇൻഷ്വറൻസ്

4806 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ ഈടിന്മേൽ വിള വായ്പാ പദ്ധതിയും വായ്പാതോത് അനുസരിച്ച് വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കൃഷിഭവനുകീഴിൽ വളം ഡിപ്പോ</u>

4807 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012, 2013, 2014 വർഷങ്ങളിലെ മെയ് മാസത്തിലെ പ്രധാന രാസവളങ്ങളുടെ ഓരോ ടണ്ണിനുമുള്ള വില എത്രയായിരുന്നു;

(ബി) രാസവളങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡി എത്രയാണ്; ഓരോ വർഷവും സബ്സിഡി തുക കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് ലഭ്യമാക്കുന്ന രാസവളങ്ങളിൽ സബ്സിഡി കുറയാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) രാസവളങ്ങൾ കർഷകർക്ക് കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്നതിനായി കൃഷി ഭവനുകൾക്ക് കീഴിൽ വളം ഡിപ്പോകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

രാസവളങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കൽ

4808 ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാക്ടംഫോസ്, പൊട്ടാഷ്, 10:26:26, യൂറിയ എന്നീ രസവളങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ വിലനില വാരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രാസവളങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കർഷകർക്ക് ആശ്വാസം നല്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലവർദ്ധനവ്</u>

4809 ശ്രീ. ഇ.പി. ജയരാജൻ
ശ്രീമതി കെ.കെ ലതിക
ശ്രീ. റ്റി.വി. രാജേഷ്
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങളുടെ വില വർദ്ധനവ് മൂലം ഒന്നാംവിള കൃഷിയിറക്കുന്നതിന് കർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാസവളങ്ങളുടെ വിലവർദ്ധനവിന്റെ ആഘാതം കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ നൽകാമോ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ വിവിധ രാസവളങ്ങളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ നൽകാമോ; എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ആർ.കെ.വി.വൈ. പദ്ധതിപ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി

4810 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതിപ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും ലഭ്യമാക്കുന്ന തുകയുടെയും വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കോങ്ങാട് മണ്ഡലത്തിനുവേണ്ടി പാലക്കാട് പി.എ.ഒ. എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സംയോജിത കന്നുകാലി വികസനപദ്ധതി</u>

4811 ശ്രീ. പാലോട് രവി
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴില്‍ സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

(സി) കര്‍ഷകര്‍ക്ക് എത്ര ശതമാനം സബ്സിഡിയാണ് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

മുറ്റം നിറയെ കോഴികൾ പദ്ധതി

4812 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ മുറ്റം നിറയെ കോഴികൾ പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോ എന്നു പറയാമോ;

(ബി) മുട്ടക്കോഴികളെ വീടുകളിൽ വളർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ; ഇതിനുവേണ്ടി എത്ര കോഴികളെ വിതരണം ചെയ്തുവെന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത് എങ്ങനെയായിരുന്നുവെന്നും പറയാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>മാംസത്തിന്റെയും മുട്ടയുടെയും ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

4813 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ മാംസവും മുട്ടയും ഗുണനിലവാരം കുറഞ്ഞ പാലും അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന സാഹചര്യത്തിൽ ഇവയുടെ ഉത്പാദനം വൻതോതിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാലികൾ കുളമ്പ് രോഗം ബാധിച്ച് മരിച്ചതിനുള്ള നഷ്ടപരിഹാരം</u>

4814 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പ് രോഗം ബാധിച്ച് 2013-14 വർഷത്തിൽ എത്ര ഉരുക്കൾ മരണപ്പെട്ടുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുളമ്പ് രോഗം മൂലം മരണപ്പെട്ട ഉരുക്കളുടെ ഉടമസ്ഥർക്ക് ഈ വർഷം എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ കുളമ്പുരോഗം</u>

4815 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം ബാധിച്ച് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പശുക്കൾ/കന്നുകാലികൾ ചത്തുപോയിട്ടുണ്ട്;

(ബി) കുളമ്പുരോഗം പടരാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ചത്ത പശുക്കളുടെ/കന്നുകാലികളുടെ ഉടമസ്ഥർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>പാലുൽപ്പാദനം വർദ്ധിപ്പിയ്ക്കാൻ നടപടി</u>

4816 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുൽപ്പാദനം ദിനംപ്രതി ശരാശരി എത്ര ലക്ഷം ലിറ്ററാണ്;

(ബി) എത്ര ലക്ഷം ലിറ്ററാണ് സംസ്ഥാനത്ത് ശരാശരി ദിനംപ്രതി ആവശ്യമായിട്ടുള്ളത്;

(സി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(ഡി) കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി</u>

4817 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പ് മുഖേനയുള്ള കാലിത്തീറ്റ സബ്സിഡിയായി ക്ഷീരകർഷകർക്ക് 2013-14 വർഷം എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നു വ്യക്താമാക്കാമോ ;

(സി) ജില്ല തിരിച്ച് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണവും തുകയും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷക ക്ഷേമനിധി</u>

4818 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിൽ എത്ര കർഷകർ നാളിതുവരെ അംഗമായിട്ടുണ്ട്;

(ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബപെൻഷൻ എത്ര പേർക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീരകർഷക ക്ഷേമനിധി പ്രതിമാസ പെൻഷൻ തുക 300 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി കുടുംബപെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കുടുംബപെൻഷൻ വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകുമോ;

(ഡി) സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ പ്രതിമാസം 1000 രൂപയായി നൽകിവരുന്ന സാഹചര്യത്തിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷനും ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷക ക്ഷേമനിധിയിൽ പ്രതിമാസം ചെലവഴിക്കുന്ന തുക</u>

4819 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിൽ അംശദായം ആയി പ്രതിമാസം എത്ര രൂപയാണ് ലഭിക്കുന്നത് ;

(ബി) ക്ഷീരകർഷകക്ഷേമനിധി പെൻഷൻ, കുടുംബപെൻഷൻ, മറ്റ് സഹായങ്ങൾക്കായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2013-14-ൽ ക്ഷീരകർഷകക്ഷേമനിധിയുടെ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ എത്ര രൂപാ സർക്കാർ ധനസഹായം നൽകിയെന്നും 2014-15-ലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അടൂർ മണ്ഡലത്തിൽ മേഖലാ ക്ഷീരവികസന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം</u>

4820 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിൽ പെരിങ്ങനാട് വില്ലേജിൽ ആരംഭിക്കുവാൻ തീരുമാനിച്ച മേഖലാക്ഷീരവികസന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ :

(ബി) ഈ കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കായി എത്ര തസ്തിക പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ;

(സി) സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളെല്ലാം ഉണ്ടായിട്ടും പ്രസ്തുത പരിശീലനകേന്ദ്രം ആരംഭിക്കുന്നതിലുള്ള കാലവിളംബം പരിഹരിക്കുന്നതിനായി നാളിതുവരെ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി ഈ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കൊട്ടിയത്ത് എൽ. എം. റ്റി. സി. യിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ നടപടി</u>

4821 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ. എം. റ്റി. സിയിൽ ട്രെയിനിംഗ് നടത്തുന്നതിലേക്കായി ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ കുടപ്പനക്കുന്ന് എൽ. എം. റ്റി. സിയിൽ നിന്നും ഒരു അസിസ്റ്റന്റ് ഡയറക്ടറെയും, പുനലൂർ ആർ. പി. വിജിലൻസ് യൂണിറ്റിൽ നിന്നും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെയും പുനർവിന്യാസം വഴി നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവോ;

(ബി) ഇല്ലായെങ്കിൽ പ്രസ്തുത ജീവനക്കാരെ എത്രയും പെട്ടെന്ന് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>'അറവുമാടുകളെ കർശന പരിശോധനയ്ക്കു വിധേയമാക്കാൻ നടപടി'</u>

4822 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാംസാവശ്യത്തിനായി പ്രധാനമായും അറവുമാടുകൾ എത്തുന്നത് എവിടെനിന്നാണ്;

(ബി) പേവിഷബാധ, ക്ഷയം, ജപ്പാൻജ്വരം, എലിപ്പനി, ബ്രൂസല്ലോസിസ്, എച്ച്1എൻ1, ആന്ത്രാക്സ് രോഗങ്ങൾ എന്നിവ അറവുമാടുകളിലൂടെ പകരുന്നതിനുള്ള സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പരിയാരം പഞ്ചായത്തിലെ മാംസ സംസ്ക്കരണശാല

4823 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ വക സ്ഥലത്ത് ആധുനിക മാംസസംസ്ക്കരണശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ആധുനിക മാംസസംസ്ക്കരണ ഫാക്ടറി യാഥാർത്ഥ്യമാക്കാനും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിൽ കൊന്നക്കുഴി ബ്രീഡ്ഫാമിൽ പുതുതായി നിയമനങ്ങൾ</u>

4824 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊന്നക്കുഴി ''ബ്രീഡ്ഫാമിൽ'' പുതിയ നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എത്ര പേരെയാണ് നിയമിക്കുന്നതെന്നും നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ</u>

4825 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ എന്തെല്ലാം;

(ബി) മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും മേന്മയേറിയ സേവനം കർഷകർക്ക് ലഭ്യമാക്കാനും കേരളത്തിൽ പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പിലെ വെറ്ററിനറി സബ് സെന്ററുകൾ നിയന്ത്രിക്കുന്ന ആർ.എ.ഐ.സി-കൾ പുനസ്ഥാപിക്കുവാനുള്ള തീരുമാനമുണ്ടോ;

(ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുള്ള ചുമതലകൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വെറ്ററിനറി ഡോക്ടർമാരുടെ നിയമനം</u>

4826 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി ഡോക്ടർമാർക്ക് എത്ര തസ്തികകളാണ് എൻട്രി കേഡറിൽ നിലവിലുള്ളത്; ഇതിൽ ഒഴിവുള്ളവയുടെ എണ്ണം എത്രയാണ്; ഒഴിഞ്ഞുകിടക്കാൻ കാരണം എന്തെന്നു വിശദമാക്കാമോ;

(ബി) വെറ്ററിനറി ഡോക്ടർമാരുടെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത്; ഈ ലിസ്റ്റിൽ നിന്നും ഇതേവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; റാങ്ക് ലിസ്റ്റ് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഇടക്കി നിയോജകമണ്ഡലത്തിലെ വിവിധ മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരുടെ തസ്തിക

4827 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിലെ വിവിധ മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം മൃഗാശുപത്രികളിലാണ് ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ; എത്ര നാളായി തസ്തിക ഒഴിഞ്ഞുകിടക്കുന്നു ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ റീജിയണൽ വെറ്ററിനറി പോളിക്ലിനിക്ക് & റഫറൽ സെന്റർ</u>

4828 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ റീജിയണൽ വെറ്ററിനറി പോളിക്ലിനിക്ക് & റഫറൽ സെന്റർ അനുവദിക്കുന്നതു സംബന്ധിച്ച് പെറ്റീഷൻ 1572/2013/വിഐപി/എം(ഫിൻ)(എൽ&എച്ച്)നമ്പർ പ്രകാരം 09/04/2013-ൽ ധനകാര്യവകുപ്പുമന്ത്രി കൃഷി വകുപ്പ് മന്ത്രിക്ക് കൈമാറിയ പെറ്റീഷന്റെ പുരോഗതി വ്യക്തമാക്കാമോ; ഈ പെറ്റീഷന്റെ ഫയൽ നമ്പർ നൽകാമോ;

(ബി) ഇതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഏതെങ്കിലും പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ
മാലാക്കായൽ വികസന പദ്ധതി

4829 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മാലാക്കായൽ വികസന പദ്ധതിക്ക് എത്ര രൂപയുടെ ഭരണാനുമതി, എന്നാണ് നൽകിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരാണ് കരാർ എടുത്ത് നിർമ്മാണം ആരംഭിച്ചതെന്നും, എന്നാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നും അറിയിക്കുമോ;

(സി) കരാർപ്രകാരം നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നാണ് ; പ്രസ്തുത കരാറിന്റെ കാലാവധി അവസാനിച്ചുവോ; എങ്കിൽ കരാർ നീട്ടികൊടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ആദ്യ കരാറുകാരനെ മാറ്റി മറ്റൊരാൾക്ക് കരാർ നൽകുവാൻ ഉണ്ടായ സാഹചര്യം എന്താണ്; ഇപ്രകാരം ഇപ്പോൾ ആകെ ജോലിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; എത്രത്തോളം രൂപ പ്രസ്തുത ആവശ്യത്തിലേയ്ക്കായി കരാറുകാരന് നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതി നിർമ്മാണത്തിന്റെ കരാർ പ്രകാരം എത്രമാത്രം ജോലികൾ ഇനി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ജോലികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് എന്നാണ് ഉണ്ടായതെന്നും, തടസ്സങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ജി) നിലവിലുള്ള തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(എച്ച്) ശേഷിച്ച നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ തയ്യാറാകുമോ ; എങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേരള വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം</u>

4830 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിനായി കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി പഞ്ചായത്തിൽ നൽകാൻ തീരുമാനിച്ച ഭൂമിയിൽ കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് പ്രസ്സുകളില്‍ കെട്ടിക്കിടക്കുന്ന സര്‍ക്കാര്‍ പ്രസിദ്ധീകരണങ്ങള്‍</u>

4831 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഗസറ്റുകള്‍ ഗവണ്‍മെന്റ് പ്രസ്സുകളില്‍ വലിയ തോതില്‍ കെട്ടിക്കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആയതിനുള്ള കാരണം വിശദമാക്കുമോ;

(സി) കെട്ടിക്കിടക്കുന്ന പ്രസിദ്ധീകരണങ്ങള്‍ വിതരണം ചെയ്യാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് പ്രസ്സസ് സബോര്‍ഡിനേറ്റ് സര്‍വ്വീസ് റൂള്‍</u>

4832 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഗവണ്‍മെന്റ് പ്രസ്സസ് സബോര്‍ഡിനേറ്റ് സര്‍വ്വീസ് റൂള്‍ സംസ്ഥാനത്ത് നിലവില്‍ വന്നിട്ടുണ്ടോ;

(ബി) റൂള്‍ എന്നു മുതലാണ് പരിഷ്കരിക്കുവാന്‍ ആരംഭിച്ചത്; ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്;

(സി) വിഷയം നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരുന്നോ; കമ്മിറ്റി എന്തു തീരുമാനമാണ് പ്രസ്തുത വിഷയത്തില്‍ എടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 58/14 തീയതി 31.01.14 ഉത്തരവ് പ്രകാരം സര്‍വ്വീസ് റൂള്‍ ഒരു മാസത്തിനകം രൂപീകരിക്കണമെന്ന നിര്‍ദ്ദേശമുണ്ടായിട്ടും നാളിതുവരെ സബോര്‍ഡിനേറ്റ് സര്‍വ്വീസ് റൂള്‍ നിലവില്‍ വരാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള ഗവണ്‍മെന്റ് പ്രസ്സസ് സബോര്‍ഡിനേറ്റ് സര്‍വ്വീസ് റൂള്‍ എന്നത്തേയ്ക്ക് പുറപ്പെടുവിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

എൽ. ജി. എസ്, എൽ. ഡി. സി, എൽ.ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

4833 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ. ഡി. ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായുണ്ടോ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>എം. എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനറി</u>

4834 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽ നിന്നും എ. എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനറി പൂർണ്ണതോതിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) ഈ വകുപ്പിൽ സാധനങ്ങൾ എം. എൽ എ. മാർക്ക് അനുവദിച്ചിട്ടുള്ള അളവിൽ പൂർണ്ണമായും കിട്ടുന്നതിനായി വാങ്ങി സൂക്ഷിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത സ്റ്റേഷനറി സാധനങ്ങളാണ് സ്റ്റോറിൽ നിന്നും വിതരണം ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗുണനിലവാരമുള്ള സാധനങ്ങൾ മാത്രം പ്രത്യേകമായി വാങ്ങി എം. എൽ. എ. മാർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(ഇ) എം. എൽ. എ.മാർക്ക് വിതരണം ചെയ്തു വരുന്ന നോൺ ആനുവൽ സാധനങ്ങൾ എല്ലാ വർഷവും നിബന്ധനകളിൽ ഇളവു നൽകി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എം. എൽ. എ. മാരുടെ ഓഫീസ് ആവശ്യത്തിന് അനുവദിച്ചിട്ടുള്ള പ്രിന്റർ കാട്രിഡ്ജ് ടോണർ 2 എണ്ണം തീരെ അപര്യാപ്തമായതിനാൽ എം. എൽ. എ.മാർ ആവശ്യപ്പെട്ടപ്രകാരവും, സ്റ്റേഷനറി വകുപ്പ് ശുപാർശ ചെയ്ത പ്രകാരവും വർഷത്തിൽ 6 ടോണർ വീതം വിതരണം ചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ;

(ജി) സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യാൻ ആവശ്യമായ തുക വകുപ്പിന് അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

(എച്ച്) ഇപ്പോൾ സ്റ്റേഷനറി വിതരണം ചെയ്യുന്ന സെക്രട്ടറിയേറ്റ് സ്റ്റോർ നിലവിലുള്ള അനക്സ് കെട്ടിടത്തിലെ സെല്ലാറിൽ നിന്നും മാറ്റി വാഹനസൗകര്യം ലഭ്യമാകുന്ന തരത്തിൽ ഗ്രൗണ്ട് ഫ്ളോറിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?